# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമാട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA.PKD.11-1564/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/01/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.11-1564/2021 തീയ്യതി: 18/01/2022

## പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2019 മുതൽ 04-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 22-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 22-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ജി.റോബർട്ട്, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷർഫുദ്ദീൻ. എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കൃഷ്ണദാസ്.എൻ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാരിമുത്തു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി. റിഷാ പ്രേംകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ബീഗം സൈന | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി.കാഞ്ചന.കെ | സെക്രട്ടറി | 10-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രീതി മോനോൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.രമാദേവി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി .കലാവതി | ഐ.സി.ഡിഎസ്.സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമതി.നിർമല | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ഡോ.റിയാസ്.ബി | മെഡിക്കൽ ഓഫീസർ, പി .എച്ച.സി | 01-04-2020 | 31-03-2021 |
| ഡോ.രാജാഹരിപ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ഷെമി | വെറ്ററിനറി സർജൻ | 01-04-2020 | 16-09-2020 |
| ഡോ.നാഗരാജകുമാർ | വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| ശ്രീമതി.ലിബി ആൻറണി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രജനി | വി.ഇ.ഓ-1 | 01-04-2020 | 12-05-2020 |
| ശ്രീമതി.സോണിയാ | വി.ഇ.ഓ-1 | 13-05-2020 | 31-03-2021 |
| ശ്രീ.സുമേഷ് | വി.ഇ.ഓ-2 | 01-04-2020 | 31-03-2021 |
| ശ്രീമതി.അഫ്സ | ഡി.ഇ.ഓ | 01-04-2020 | 31-03-2021 |
| ശ്രീ.രാമനാരായണൻ.ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷാജുന്നിസ | എച്ച് എം | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 05-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: K.G.Robert (Audit Officer, On 06-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 29-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 11-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: K.G.Robert (Audit Officer, On 25-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-10 |
| 11 | വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-12 |
| 13 | വസ്തുനികുതി ഒഴിവാക്കി നൽകുന്ന കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-13 |
| 14 | ദുരിതാശ്വാസ നിധി, കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട് എന്നിവ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 23-10-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 15-01-2022) | |
| 15 | വിവിധ ലൈസൻസ് നൽകൽ- അവലോകനം<br>Written By: Krishnadas.N.V (Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-15 |
| 16 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.<br>Written By: Ramadevi.K.R (Senior Grade Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-16 |
| 17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പര്യാപ്തമായ തുക വകയിരുത്തിയില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-17 |
| 18 | അങ്കണവാടികളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ -കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-18 |
| 19 | ഭവന നിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 23-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-19 |
| 20 | ഗ്യാസ് ക്രിമിറ്റോറിയം പ്രോജക്റ്റ് പൂർത്തിയാകുവാൻ വൈകുന്നു. നടപടികൾ ത്വരിതപ്പെടുത്തുക.<br>Written By: K.G.Robert (Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-20 |
| 21 | തുമ്പൂർ മൂഴി മോഡൽ മാലിന്യനിർമ്മാജ്ജനം പ്രോജക്റ്റ്-ആസൂത്രണത്തിലെ പാളിച്ച:-<br>Written By: K.G.Robert (Audit Officer, On 24-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-21 |
| 22 | ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-22 |
| 23 | ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-23 |
| 24 | സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ മോണിറ്റർ ചെയ്യുന്നില്ല.<br>Written By: K.G.Robert (Audit Officer, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-24 |
| 25 | സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകിയത് തിരകെ ഈടാക്കേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 1-25 |
| 26 | തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-11-2021) | 1-26 |

| | | |
|---|---|---|
| | Last Updated By: Anish A (Computer Assistant, On 17-01-2022) | |
| 27 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 06-11-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 15-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ramadevi.K.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ramadevi.K.R (Senior Grade Auditor, On 29-10-2021)<br>Last Updated By: Anish A (Computer Assistant, On 17-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 20-03-2020 തിയതിയിലെ തീരുമാനം 1/1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 366868958/-രൂപയും ചെലവ് 361091000/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 14-5-2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27852284 |
| വരവ് | 120119045 |
| ആകെ | 147971329 |
| ചെലവ് | 122308195 |
| നീക്കിയിരിപ്പ് | 25663134 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (*) | 0 | 22206943 | 22206943 | 20316711 | 1890232 |
| വികസനഫണ്ട് -എസ്.സി.പി (**) | 0 | 13541442 | 13541442 | 10504987 | 3036455 |
| വികസനഫണ്ട് -ടി.എസ്.പി (***) | 0 | 4671373 | 4671373 | 3450798 | 1220575 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 18051000 | 18051000 | 15025051 | 3025949 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6847038 | 6847038 | 6743861 | 103177 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അടിസ്ഥാന ഗ്രാന്റ് | 0 | 20795625 | 20795625 | 11653172 | 9142453 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 9760000 | 9760000 | 1306868 | 8453132 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 4971165 മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 380785 മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 14627 മേൽ പട്ടികയിലെ വികസന ഫണ്ട് - TSP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

കേന്ദ്രാവിഷ്കൃതം

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 51802 | 1206502 | 1258304 | 657499 | 600805 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2392 | 3830098 | 3832490 | 3822953 | 9537 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 931071 | 931071 | 931071 | 0 |
| ആകെ | 2392 | 4761169 | 4763561 | 4754024 | 9537 |

3. ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം-1 | 1584000 | 0 | 1584000 | 156000 | 1428000 |

സംസ്ഥാനാവിഷ്കാവിഷ്കൃതം

ശുചിത്വ മിഷൻ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 887152 | 2837234 | 3724386 | 1349444 | 2374942 |
| ലൈഫ് | 1900000 | 671500 | 2571500 | 2400000 | 171500 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 165335583 | 150 | 98900602 | -- | 51 | 74.6 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 74.6% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60.2% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 29599434 | 18682523 | 63.12 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 3542000 | 1640000 | 46.3 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 3 | 1317557 | 482949 | 36.65 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 2000000 | 2000000 | 100 |
| വി.ഇ.ഒ | 14 | 11 | 41811741 | 21366000 | 51.1 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5 | 7752200 | 5108579 | 65.9 |
| സെക്രട്ടറി | 33 | 25 | 12797906 | 7421167 | 57.99 |
| അസി.സെക്രട്ടറി | 8 | 5 | 2375242 | 1142758 | 48.11 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 110 | 80 | 58644009 | 37882210 | 64.6 |
| എച്ച്.എം | 3 | 3 | 704294 | 658332 | 93.47 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1201200 | 1016084 | 84.59 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1700000 | 1500000 | 88.24 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1890000 | 0 | 0 |
| ആകെ | 201 | 150 | 161745583 | 97400602 | 60.22 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2392 | 3830098 | 3832490 | 3822953 | 9537 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 931071 | 931071 | 931071 | 0 |
| ആകെ | 2392 | 4761169 | 4763561 | 4754024 | 9537 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 29 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7528400 | 488 |
| 3 | വിധവാ പെൻഷൻ | 22230500 | 1540 |
| 4 | വാർദ്ധക്യകാല പെൻഷൻ | 32930000 | 2251 |
| 5 | വികലാംഗ പെൻഷൻ | 4392200 | 287 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1028400 | 72 |
| 7 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 7-10-2021ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 103/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ജൂൺ 2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ. എംബി സ്റ്റോക്ക് രജിസ്റ്റർ, എന്നിവ പൂർണ്ണമായും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന 2020-21 സാമ്പത്തിക വർഷത്തിലെ ആസ്തി രജിസ്റ്റർ പൂർണ്ണമായും കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. ഉദാ :-ബിറ്റുമിൻ ബാരൽ സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ. വർക്ക് ഫയലുകളുടെ ഒപ്പം സൂക്ഷിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടുകളിൽ പ്രവൃത്തികളുടെ പേര്, അടങ്കൽ തുക എന്നീ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. എന്നാൽ അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്തുന്നുണ്ട്. ആയതിൽ നിന്നും മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സംവിധാനം പൂർണ്ണമായും കാര്യക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അളവുപുസ്തകങ്ങളിലെ വെട്ടിത്തിരുത്തലുകൾ ക്രമാതീതമാകാതെ പരമാവധി ഒഴിവാക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം.36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവുകളുടെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം :റസിഡൻഷ്യൽ ഹോംസ്റ്റേ" എന്ന ഉപയോഗക്രമത്തിന് നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് | ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്ക് |
|---|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 | - |

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രമേയം മൂലം നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താതെ നികുതി നിർണ്ണയം നടത്തുന്നത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാകും എന്നതിനാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം :റസിഡൻഷ്യൽ ഹോംസ്റ്റേ" എന്ന ഉപയോഗക്രമത്തിന് നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ ഉപയോഗക്രമത്തിന് പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/11.10.2021) ഓഡിറ്റ് നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 9 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിലെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടവർ ഉടമകൾ വർഷങ്ങളോളം നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെത്തി. 2020-21 വരെ 4 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 1,13,281/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC ഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക എത് വർഷം മുതൽ |
|---|---|---|---|---|---|
| 1 | 1/410, ശിവരാമൻ, അത്തിമണി | 12 | 5670 | 22,679 | 2018- ആദ്യ അർദ്ധവർഷം |
| 2 | 3/62, | 7 | 3308 | 23,905 | 2014- ആദ്യ |

| | | | | | |
|---|---|---|---|---|---|
| | BSNL പാലക്കാട് | | | | അർദ്ധവർഷം |
| 3 | 11/317, എയർസെൽ ഡിഷ്നെറ്റ് | 8 | 5040 | 46,537 | 2012- ആദ്യ അർദ്ധവർഷം |
| 4 | 11/318, വോഡഫോൺ, മീനാക്ഷിപുരം | 8 | 5040 | 20,160 | 2018- ആദ്യ അർദ്ധവർഷം |
| ആകെ | | | | 1,13,281 | |

വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അപര്യാപ്തമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുടിശ്ശിക തുകകൾ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/12.10.2021) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1) ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക, ആവശ്യമെങ്കിൽ നിയമനടപടികൾ അടക്കമുള്ള സംവിധാനത്തിലൂടെ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി വിഷയം ചർച്ച ചെയ്ത് നടപടികൾക്കായി ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതാണ്.

1-13 വസ്തുനികുതി ഒഴിവാക്കി നൽകുന്ന കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അത് ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണെന്നിരിക്കെ അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.05/12.10.2021) വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-14 ദുരിതാശ്വാസ നിധി, കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട് എന്നിവ രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

എ) ദുരിതാശ്വാസ നിധി

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി ഗ്രാമപഞ്ചായത്തിന് രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ

നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നാഷണലൈസഡ് ബാങ്കിലോ, കോഓപ്പറേറ്റിവ് ബാങ്കിലോ അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായി ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ബി) കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസഡ് ബാങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ച് ഈ ആവശ്യത്തിന് മാത്രമായി തുക വിനിയോഗിക്കുന്നതിന് 29.04.2021 ലെ സ.ഉ(സാധാ) നം.929/2021 /തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ആവശ്യത്തിലേക്കായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരിച്ച് കോവിഡ് ദുരിതാശ്വാസത്തിനായി പ്രത്യേക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/12.10.2021) ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സി) ഓഡിറ്റ് നിർദ്ദേശം

1) ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നാഷണലൈസഡ് ബാങ്കിലോ, കോപ്പറേറ്റിവ് ബാങ്കിലോ അക്കൗണ്ട് ആരംഭിക്കേണ്ടതും നിലവിൽ ഈ ഇനത്തിലേക്കായി ലഭിച്ച തുക പുതിയതായി ആരംഭിക്കുന്ന അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. 29.04.2021 ലെ സ.ഉ(സാധാ) നം.929/2021/തസ്വഭവ പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതിനും ഈ ആവശ്യത്തിന് മാത്രമായി തുക വിനിയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ചട്ടം അനുവദിക്കുന്ന നടപടികളിലൂടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

ദുരിതാശ്വാസ നിധി രൂപീകരണം, കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി പ്രത്യേക അക്കൗണ്ട് എന്നീ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 വിവിധ ലൈസൻസ് നൽകൽ- അവലോകനം

എ) കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള

ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 1996 ലെ പട്ടികയിൽ (പട്ടിക 1 ക്രമ നം. 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ ലൈസൻസ് എടുത്തതായി കാണുന്നില്ല. റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഉറവിടമാലിന്യങ്ങളുടെ സംസ്കരണം ഉറപ്പാക്കൽ

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219 A മുതൽ 219 X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കി ഉറവിട മാലിന്യങ്ങളുടെ അളവ് കുറവ് ചെയ്യാവുന്നതാണ്. അപ്രകാരമുള്ള പരിശോധനാ സംവിധാനം ഗ്രാമപഞ്ചായത്ത് മറ്റു വകുപ്പുകളുടെ കൂടി സഹകരണത്തോടെ ഏർപ്പെടുത്തേണ്ടതാണ്. ചിക്കൻ സ്റ്റാളുകൾ, അറവു ശാലകൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമാണെന്നും ഉറപ്പാക്കേണ്ടതുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഡി) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ – ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

1) ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ , ചട്ടം 6,7 പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ തൻവർഷം ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും കളക്ഷനും പരിശോധിച്ചതിൽ(ഫോറം- 6) പഞ്ചായത്ത് പ്രദേശത്ത് അനേകം ഫാമുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|
| 1 | 3/57 | 275 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്- കോഴി വളർത്തൽ ഷെഡ് |
| 2 | 3/58 | 275 | |
| 3 | 5/549 | 295 | |
| 4 | 8/473 | 400 | |
| 5 | 9/571 | 858 | |
| 6 | 9/661 | 191 | |
| 7 | 9/662 | 191 | |

2) ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ

സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3) ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ പ്രവർത്തിക്കുന്ന ഫാമുകൾ കണ്ടെത്തി ആയവയ്ക്ക് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതും ആറുമാസം കൂടുമ്പോൾ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതുമാണ്.

ഇ) പുതിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം ഉണ്ടാവേണ്ടതാണ്.

കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം വിവരം, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2018-19 സാമ്പത്തിക മുൻവർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ ധാരാളം സ്ഥാപനങ്ങളുണ്ടെന്ന് കണ്ടെത്തി. നമ്പർ അനുവദിച്ചതിനുശേഷം പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് കെട്ടിടങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

എഫ്) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് അപേക്ഷയിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്

സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019 പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. എന്നാൽ 2020-21 ലെ ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷ നം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|
| 1 | എ6/5713/18.09.2020 | 6/575<br>രവി. എ, കുറ്റിപ്പള്ളം-സ്റ്റേഷനറി |
| 2 | എ6/5715/18.09.2020 | 6/248<br>ബാബു. എ, കല്ലൻതോട്-സ്റ്റേഷനറി |
| 3 | എ6/5868/24.09.2020 | 13/267 |

| | | |
|---|---|---|
| | | അബൂബക്കർ, മലപ്പുറം-<br>ചാർക്കോൾ നിർമ്മാണം |

ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഒഴിവാക്കി പുതുക്കിയ നിബന്ധനകൾ ചേർക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ലൈസൻസ് അനുവദിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/12.10.2021, 14/21.10.2021) ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-16 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

217/21-ബയോഫ്ലോക്ക് മത്സ്യക്യഷി

അടങ്കൽ - 110400 (ധനകാര്യ കമ്മീഷൻ അവാർഡ് ) + 55200 (സംസ്ഥാനാവിഷ്കൃതം) + 248400 (മറ്റിനം) = 414000 രൂപ

218/21-വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്യഷി

അടങ്കൽ - 393600 (വികസനഫണ്ട്-ജനറൽ ) + 196800 (സംസ്ഥാനാവിഷ്കൃതം) + 885600 (മറ്റിനം) = 1476000 രൂപ

കോവിഡിന്റെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നല്കിയ എൻക്വയറിയ്ക്ക് മറുപടിയായി ഡി ഡി ഓ കോഡ് ലഭ്യമാവാത്തതിനാലാണ് എന്നും പദ്ധതി സ്പിൽ ഓവറായി അടുത്ത വർഷം നടപ്പാക്കിയിട്ടുണ്ട് എന്നുമറിയിച്ചു.

1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പര്യാപ്തമായ തുക വകയിരുത്തിയില്ല

2020-21 വർഷത്തിൽ പാലുൽപാദനത്തിന് ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും പദ്ധതി മാർഗനിർദേശങ്ങൾ അനുസരിച്ച് അനുവദിക്കാവുന്ന തുകയേക്കാൾ കുറഞ്ഞ തുകയാണ് സബ്സിഡി നൽകിയത് എന്ന് വ്യക്തമായി. ക്ഷീര സംഘത്തിലേക്ക് നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ(ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പടെ) ഒരു കർഷകന് പരമാവധി 40,000/- രൂപ അനുവദിക്കാവുന്നതാണ്. ഇത് കൂടാതെ ക്ഷീരസംഘങ്ങളുടെ പ്രവർത്തന മേഖലയിൽ ഇൻഷൂർ ചെയ്ത പശുക്കൾ ഉള്ള ക്ഷീരകർഷകർക്ക് വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തിൽ 15,000/- രൂപ വരെ നല്കാവതാണ്. 2020-21 ൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥ/ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | റിമാർക്ക്സ് |
|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 231/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1201200<br>വികസന ഫണ്ട് -481800<br>ധനകാര്യ കമ്മീഷൻ-118800<br>ജില്ലാ പഞ്ചായത്ത് വിഹിതം -600600 | 1016084<br>വികസന ഫണ്ട് -415484<br>ധനകാര്യ കമ്മീഷൻ-0<br>ജില്ലാ പഞ്ചായത്ത് വിഹിതം -600600 | 1.79/ലിറ്റർ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 136/21<br>(സ്പിൽ ഓവർ)<br>ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1700000<br>തനത് ഫണ്ട്- 400000<br>ബ്ലോക്ക് വിഹിതം -500000<br>ജില്ലാ പഞ്ചായത്ത് വിഹിതം -800000 | 1500000<br>തനത് ഫണ്ട്- 400000<br>ബ്ലോക്ക് വിഹിതം -500000<br>ജില്ലാ പഞ്ചായത്ത് വിഹിതം -600000 | 2.65/ലിറ്റർ |

2020-21 വർഷത്തിൽ 10 ക്ഷീരസഹകരണ സംഘങ്ങളിലേക്ക് പാൽ നല്കിയ 1126 ക്ഷീര കർഷകർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഒരു ലിറ്റർ പാലിന് പരമാവധി നല്കാവുന്ന നിരക്കിനേക്കാൾ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം 1.79/ലിറ്റർ മാത്രമാണ് തൻവർഷത്തെ പദ്ധതിയിലൂടെ നല്കിയിട്ടുള്ളത്. 2019 -20 ൽ ധനസഹായം നല്കിയിട്ടില്ല. ഉല്പാദന മേഖലയിളുൾപ്പെട്ട ഇത്തരം പദ്ധതികൾക്ക് മതിയായ തുക വകയിരുത്തുകയോ അർഹമായ ധനസഹായം നല്കുകയോ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

1-18 അങ്കണവാടികളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ -കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ- 227/21- അങ്കണവാടികളുടെ വെള്ളക്കരം കുടിശ്ശിക അടവാക്കൽ പദ്ധതിയ്ക്കായി മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-ൽ നിന്നും 99416/- രൂപ ചെലവഴിച്ചിട്ടുണ്ട്. റവന്യൂ അദാലത്ത് 2019-20, കുടിശ്ശിക സംഖ്യ തീർപ്പാക്കുന്നത്, സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി ചിറ്റൂർ സബ് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KWA/PH/CTR/170/2020, 16.3.2020 കത്ത് പ്രകാരമുള്ള കുടിശ്ശിക തുകയാണ് അടവാക്കിയിട്ടുള്ളത്. ഈ തുക ഏത് കാലയളവിലെ കുടിശ്ശികയാണ് എന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. കുടിശ്ശികയുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് കുടിശ്ശികയുടെ പൂർണമായ വിവരങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ട് എന്നറിയിച്ചു. അടവാക്കിയ തുക ഏത് കാലയളവിലേതാണ് എന്ന് വിവരം ലഭ്യമാക്കേണ്ടതും, കുടിശ്ശിക നിവാരണം വരുത്തുകയും ആസ്തിന്റെ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-19 ഭവന നിർമാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2019-20, 2020 -21 വർഷങ്ങളിൽ വി ഇ ഓ നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഭവന നിർമാണ പദ്ധതികളിൽ താഴെ കൊടുത്തിരിക്കുന്നവയിൽ ഗുണഭോക്താക്കൾ ഇനിയും നിർമാണം പൂർത്തിയാക്കാനുണ്ട് എന്ന് വ്യക്തമായി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | നല്കാനുള്ള തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഷൈല ഓമനക്കുട്ടൻ പനയടിയൻചള്ള | 3,00,000 | 100,000 | ലിൻറൽ |
| 2 | ശിവകാമി പരമേശ്വരൻ എല്ലക്കാട് | 2,00,000 | 2,00,000 | ലിൻറൽ |
| 3 | വള്ളിയമ്മാൾ ആറുമുഖൻ ഇന്ദിരാനഗർ | 3,00,000 | 100,000 | ലിൻറൽ |
| 4 | ഷാജഹാൻ | 3,60,000 | 40,000 | റൂഫ് |
| 5 | ചന്ദ്രൻ, ചാമിയാർക്കളം | 2,00,000 | 2,00,000 | പണി പൂർത്തീകരിച്ചു |
| 6 | തങ്കമ്മാൾ പെരുമാൾ പ്ലാച്ചിമട കോളനി | 3,00,000 | 100,000 | റൂഫ് |
| 7 | സെഫിയുമ്മ ഷെയ്ക്ക് മുസ്തഫ പ്ലാച്ചിമട കോളനി | 3,00,000 | 100,000 | റൂഫ് |
| 8 | ഷഹാബുദ്ദീൻ, പോസ്റ്റ് ഓഫീസ് വീഥി | 40,000 | 3,60,000 | അസ്ഥിവാരം |
| 9 | തൈലീശ്വരി ഹരിയപ്പൻ നെല്ലിമേട് | 3,60,000 | 40,000 | റൂഫ് |
| 10 | ലക്ഷ്മി കുഞ്ചൻ കന്നിമാരി പാലം ,കന്നിമാരി | 3,60,000 | 40,000 | റൂഫ് |

വാച്ച് രജിസ്റ്റർ - സർക്കിൾ -1

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | നല്കാനുള്ള തുക, | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | മധുര ശശി, പോത്തനായ്ക്കൻചള്ള | 2,00,000 | 2,00,000 | അസ്ഥിവാരം |
| 2 | ധനലക്ഷ്മി വിജയൻ, ഒടചിറ | 2,60,000 | 1,40,000 | റൂഫ് |
| 3 | ഉഷ മാധവൻ, നറണി, കുറ്റിപ്പള്ളം | 3,60,000 | 40,000 | റൂഫ് |

| | | | | |
|---|---|---|---|---|
| 4 | കമറുദ്ദീൻ<br>S/o.മുത്തു റാവുത്തർ<br>തങ്കം തിയേറ്റർ | 3,60,000 | 40,000 | റൂഫ് |
| 5 | ചന്ദ്രക്കല ശിവരാമൻ<br>കറുക്കൻകൊളമ്പ് | 3,00,000 | 1,00,000 | റൂഫ് |
| 6 | നിർമല ബാലസുബ്രഹ്മണ്യൻ<br>വേലാംകുളമ്പ് , വിളയോടി | 3,00,000 | 1,00,000 | റൂഫ് |
| 7 | രതിക സുനിൽകുമാർ<br>ദഫേദാർചള്ള, പാട്ടികുളം | 3,00,000 | 1,00,000 | ലിൻറൽ |
| 8 | ശ്യാമള.കെ<br>തട്ടാൻചള്ള<br>വണ്ടിത്താവളം | 3,00,000 | 1,00,000 | ലിൻറൽ |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇവർ നിർമാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം , നിർമാണപ്രവർത്തികളുടെ നിലവിലെ സ്ഥിതി എന്നിവയെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് ഗുണഭോക്താക്കൾ നിർമാണം നടത്തിവരുന്നുണ്ട് എന്നും വീട് നിർമാണം പൂർത്തിയാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ് എന്ന് അറിയിച്ചു. ഒരു ഗഡു മാത്രം കൈപ്പറ്റി ഇതുവരെയായി വീട് പണി നടത്താത്തവരിൽ നിന്നും ധനസഹായം തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉറപ്പാക്കേണ്ടതാണ്.(എൻക്വയറി 13/19.10.21)

1-20 ഗ്യാസ് ക്രിമിറ്റോറിയം പ്രോജക്റ്റ് പൂർത്തിയാകുവാൻ വൈകുന്നു. നടപടികൾ ത്വരിതപ്പെടുത്തുക.

പ്രോജക്റ്റ് നം :- S0165/21 (സി.എഫ്.സി-ജന)

എഗ്രിമെന്റ് നം.1/AE/LSGD/PRTY/18-19Dt.20-7-2018

അടങ്കൽ :-23,00,000/-

ആകെ പ്രവൃർത്തിമൂല്യം:- 125728/-

തീയ്യതി/തുക :-29-9-2020,122585/-

പാർട്ട് ബിൽ നം :-41/2021 ,

തുക:- 122585/-

അളവുപുസ്തകം :- 104/17-18

നിലവിലുള്ള ശ്മശാനത്തിൽ കെട്ടിടമുണ്ടാക്കി ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക എന്ന ഉദ്ദേശവുമായി 2018-19 സാമ്പത്തിക വർഷത്തിൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഏക വർഷ പ്രോജക്റ്റായി വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണിത്. 2020-21 സാമ്പത്തിക വർഷത്തിൽ 125728/-രൂപയുടെ ചെലവഴിച്ചിട്ടുണ്ട്. ടി പ്രോജക്റ്റിന്റെ തത്സമയ സ്ഥിതി ഓഡിറ്റിൽ അന്വേഷിച്ചതിൽ (ഓഡിറ്റ് എൻക്വയറി നം.18/22-10-21) പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണം ആരംഭിച്ച് ഫൗണ്ടേഷൻ പൂർത്തീകരിക്കുന്ന സമയത്ത് ഒരു സ്വകാര്യവ്യക്തി ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് ഹൈക്കോടതിയിൽ നിന്ന് WPC-358/2019 പ്രകാരം സ്റ്റോപ്പ് മെമ്മോ ലഭിക്കുകയും ചെയ്തതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടിവന്നു എന്നും പ്രവൃർത്തികൾ

പുനരാരംഭിക്കുന്നതിനുള്ള അനുമതി നാളിതുവരെ ലഭ്യമായിട്ടില്ലെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല തുമ്പൂർ മുഴി മോഡൽ മാലിന്യനിർമ്മാജ്ജനം എന്ന ഒരു പദ്ധതികൂടി ഇതേസ്ഥലത്ത് നടപ്പിലാക്കിവരുന്നു എന്ന് അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. ഈ വിഷയത്തിൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഉടനടി പരിഹാര നടപടികൾ കണ്ടെത്തി പ്രവൃർത്തി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-21 തുമ്പൂർ മുഴി മോഡൽ മാലിന്യനിർമ്മാജ്ജനം പ്രോജക്റ്റ്-ആസൂത്രണത്തിലെ പാളിച്ച:-

പ്രോജക്റ്റ് നം :- S0167/21 (ജന)

എഗ്രിമെന്റ്നം.44/AE/LSGD/PRTY/18-19Dt.20-7-2018

അടങ്കൽ :-15,00,000/-

സി.എഫ്.സി- (475800/-)

ബ്ളോക്ക് ഷെയർ- (1024200/-)

ആകെ പ്രവൃർത്തിമൂല്യം:- 173978/-

തീയ്യതി/തുക :-17-9-2020, 1,22,585/-

പാർട്ട് ബിൽ നം :-158/2020,

തുക:- 1,69,638/-

അളവുപുസ്തകം :- 103/17-18

മാലിന്യനിർമ്മാജ്ജനവുമായി ബന്ധപ്പെട്ട് തുമ്പൂർ മുഴിമോഡൽ എന്ന പ്രോജക്റ്റ് 2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ശ്മശാനത്തിൽ ഏക വർഷ പ്രോജക്റ്റായി നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ മാത്രമാണ് 1,69,638/-രൂപ ചെലവഴിച്ചിരിക്കുന്നത്. ടി പ്രോജക്റ്റിന്റെ തത്സമയ സ്ഥിതി ഓഡിറ്റിൽ അന്വേഷിച്ചതിൽ (ഓഡിറ്റ് എൻക്വയറി നം.18/22-10-21) പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണം ആരംഭിച്ച് സമയത്ത് ഒരു സ്വകാര്യവ്യക്തി കോടതിയെ സമീപിക്കുകയും തുടർന്ന് കോടതിയിൽ നിന്ന് 41/2019 പ്രകാരം സ്റ്റോപ്പ് മെമ്മോ ലഭിക്കുകയും ചെയ്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ടി വന്നു എന്നും പ്രവൃർത്തികൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ബന്ധപ്പെട്ട അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ടി പ്രോജക്റ്റ് നിലവിലുള്ള ശ്മശാനത്തിൽ ആണ് നടപ്പാക്കുന്നതെന്ന് അറിയുവാൻ കഴിഞ്ഞു. മാലിന്യനിർമ്മാജ്ജന പദ്ധതി നടപ്പിലാക്കുവാൻ കണ്ടെത്തിയ സ്ഥലം ശ്മശാനം ആയതിനാലായിരിക്കും സ്വകാര്യ വ്യക്തിയുടെ എതിർപ്പുണ്ടായതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. ഈ വിഷയത്തിൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഉടനടി പരിഹാര നടപടികൾ കണ്ടെത്തി പ്രവൃർത്തി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ സിൽക്ക് എന്ന സ്ഥാപനത്തിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങി

2020-21 വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി പുതിയ തെരുവു വിളക്കുകൾ വാങ്ങി സ്ഥാപിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എൽ.ഇ.ഡി തെരുവു വിളക്കുകൾ വാങ്ങൽ

പ്രോ.നം.159/21-എസ്.സി. കോളനികളിൽ എൽ .ഇ.ഡി തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 180000രൂപ (എസ് സി പി )

ചെലവ് - 179200രൂപ (ബിൽ നം. 47/10-11-2020)

ഇൻവോയ്സ് നം. CD/19-20/R/208/17-03-2020

എ. ലാമ്പുകളുടെ നിരക്ക്

25 വാട്ടിന്റെ 56 എൽ.ഇ.ഡി ലാമ്പുകൾ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK), തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. 25 വാട്ടിന്റെ ലാമ്പ് ഒന്നിന് 3200 രൂപയുമാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത്.

ബി. തീരുമാനങ്ങൾ

വിവിധ തീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. ഭരണസമിതിയുടെ 10-07-2019ലെ തീരുമാനം നം. 4(2) പ്രകാരം SILK എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.
2. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനമില്ല.

സി. അക്രഡിറ്റഡ് ഏജൻസികളുടെ ചുമതലകൾ

1. 25-07-2017ലെ സ.ഉ(പി)നം.95/2017/ഫിൻ ഉത്തരവ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ അനുബന്ധത്തിലെ ക്രമ നം. 11 പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റായി (PMC) പ്രവർത്തിക്കുന്നതിനാണ് SILK എന്ന സ്ഥാപനത്തിന് അക്രഡിറ്റേഷൻ ഉള്ളത്. പി.എം.സി ആയി പ്രവർത്തിക്കുന്ന അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ നടത്തിപ്പിനായി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുന്ന ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സഹായം നൽകേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 9 ൽ വ്യക്തമാക്കിയിട്ടുണ്ട്. SILK എന്ന സ്ഥാപനത്തിന് നേരിട്ട് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അധികാരമില്ല.

സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിനെ സാധനങ്ങൾ വാങ്ങുന്നതിനായി ചുമതലപ്പെടുത്താമെങ്കിലും സ്ഥാപനം ടെണ്ടർ നടപടികളിലൂടെ ഒരു തേർഡ് പാർട്ടിയെ തെരഞ്ഞെടുക്കേണ്ടതാണെന്നും പി.എം.സി ആയി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് നേരിട്ട് സാധനങ്ങളും സേവനങ്ങളും നൽകുന്നതിനുള്ള അക്രഡിറ്റേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞത് 50% സാധനങ്ങളും സേവനങ്ങളും സ്വന്തമായി വിതരണം ചെയ്യുന്നതിനുള്ള ശേഷി ഉണ്ടായിരിക്കേണ്ടതാണെന്ന് ഉത്തരവിൽ നിബന്ധനയുണ്ട്. SILK എന്ന സ്ഥാപനം അത്തരത്തിൽ സാധനങ്ങളും സേവനങ്ങളും നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ എടുത്തിട്ടില്ല.

ആയതിനാൽ SILKന് ടെണ്ടർ കൂടാതെ നേരിട്ട് തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനുള്ള അർഹതയില്ല എന്ന് വിലയിരുത്തുന്നു.

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.46, 9.47, 9.48 എന്നിവയിൽ സാധനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടറിലെ നിരക്ക് യുക്തിഭദ്രമാണോ (Reasonable) എന്ന് പരിശോധിക്കുവാനും യുക്തിഭദ്രമല്ലെങ്കിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുമായി മാത്രം വിലപേശൽ നടത്തി വില കുറവ് ചെയ്യുവാനും ഉദ്ദേശിച്ച നിരക്കിലേക്ക് കുറവ് ചെയ്യാത്തപക്ഷം പുനർടെണ്ടർ നടത്തേണ്ടതാണെന്ന നിബന്ധനയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത വാങ്ങലുകൾ നേരിട്ടുള്ള വാങ്ങൽ നടത്തിയപ്പോൾ എപ്രകാരമാണ് എൽ.ഇ.ഡി ലാമ്പുകളുടെ വില നിശ്ചയിച്ചതെന്നതിന് രേഖകൾ ഇല്ല. മാത്രമല്ല മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുത്തി സ്ഥാപനത്തിന്റെ യുക്തിഭദ്രത ഉറപ്പാക്കിയിട്ടുമില്ല. നിരക്കിന്റെ യുക്തിഭദ്രത ഉറപ്പാക്കാതിരുന്നതിനാൽ ധനനഷ്ടം ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു.

ഡി) ആസൂത്രണം, നിർവ്വഹണം

അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് മുഖേന വാങ്ങൽ നടത്തുന്നതിനാണ് പ്രോജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. മേൽ ഉത്തരവുകൾ ഒന്നും പരിഗണിക്കാതെയാണ് സിൽക്കിൽ നിന്നും എൽ.ഇ.ഡി ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയത്. പ്രോജക്റ്റിനനുസരിച്ചാണ് തുടർന്നുള്ള തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളത്.

ആസൂത്രണത്തിലെ പാളിച്ചയാണ് നിർവ്വഹണത്തിലെ വീഴ്ചക്ക് കാരണമായിട്ടുള്ളത്. പ്രോജക്റ്റിന്റെ അംഗീകാരത്തിനു മുമ്പായി വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, വെറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥനോ പ്രോജക്റ്റിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല. നിർവ്വഹണം നടത്തുന്നതിനു മുമ്പായി നിർവ്വഹണ ഉദ്യോഗസ്ഥനും കൃത്യത ഉറപ്പാക്കിയിട്ടില്ല.

ഇ) സപ്ലൈ ചെയ്തതിന്റെ വിവരം

പ്രസ്തുത സ്ഥാപനത്തിൽ നിന്നും 25 വാട്ട് ലാമ്പുകൾ വാങ്ങിയിട്ടുള്ളത് 3200 രൂപ നിരക്കിലാണ്. തൻവർഷത്തിൽ മേൽ സൂചിപ്പിച്ച ബില്ലിൽ നിന്ന് ആകെ 56 LED ലൈറ്റുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ കൂടാതെ ലാമ്പുകൾ നേരിട്ട് വാങ്ങുന്നതിനു മുമ്പായി SILK മായി ചർച്ച ചെയ്ത് നിരക്ക് നിശ്ചയിച്ചതായോ, മാർക്കറ്റ് നിരക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ചെയ്യാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ലാമ്പുകൾ സ്ഥാപിച്ചതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

എഫ് ) എഗ്രിമെന്റ്

ലാമ്പുകൾക്ക് രണ്ടു വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്യുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് നം. 62/2020/22-012-2020.

(ഓഡിറ്റ് എൻക്വയറി നം.09/16-10-2021)

ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

1. അക്രഡിറ്റഡ് ഏജൻസിയായ സിൽക്ക് അക്രഡിറ്റേഷൻ ഉത്തരവിനു വിരുദ്ധമായി സാധനങ്ങൾ നേരിട്ട് വിതരണം ചെയ്തത് ക്രമപ്രകാരമല്ല. സ്ഥാപനത്തിന്റെ അർഹത പരിശോധിക്കാതിരുന്നതും സ്ഥാപനം ഓഫർ ചെയ്ത നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്താതിരുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയാണ്. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

2. വാങ്ങലുകളിൽ സ.ഉ(പി)നം. 259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ്

മാർഗ്ഗരേഖയും 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വലിലെ നിബന്ധനകളും പാലിക്കേണ്ടതാണ്.

3 25,000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace (GeM) ൽ ലഭ്യമാണെങ്കിൽ GeM മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. തുടർന്നുള്ള വാങ്ങലുകൾ ജെം മുഖേന നടത്തേണ്ടതാണ്.

4. തുടർ വർഷങ്ങളിൽ നിലാവ് പോലുള്ള പദ്ധതികളുടെ സാധ്യതകൾ കൂടി പരിഗണിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയ തുക (₹) | ട്രഷറി ബിൽ നം. |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 11/21, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 273036 (ധനകാര്യ കമ്മീഷൻ അവാർഡ്) | 159145 | 49/10-11-2020-(₹108765), 58/11-03-2021-(₹50380) |
| കെ.എസ്.ഇ.ബി | 160/21, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 133681 (ധനകാര്യ കമ്മീഷൻ അവാർഡ്) | 106046 | 15/08-05-2020-(₹30932), 50/10-11-2020-(₹75114) |
| കേരള ജല അതേറിറ്റി | 162/21, പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ- വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ (സ്പിൽ ഓവർ) | 58000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 58000 | 27/ 28-07-20 |
| കെ.എസ്.ഇ.ബി | 140/21, വിവിധ | 175000 | 174990 | 1/ |

| | | | | |
|---|---|---|---|---|
| | എസ് സി കോളനികളിൽ സ്ലീറ്റ്മെയിൻ വലിക്കൽ (സ്പിൽ ഓവർ) | (എസ് സി പി) | | 15-05-20 |

നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.11/20-20-2021 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കേരള ജല അതോറിറ്റി/കെ.എസ്.ഇ.ബിക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും ആയത് കിട്ടുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്)

## 1-24 സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ മോണിറ്റർ ചെയ്യുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് മൂന്നാം പട്ടിക സെക്ഷൻ 166ആം വകുപ്പ് (1)-ആം ഉപവകുപ്പ് (സി) നിഷ്കർഷിക്കുന്ന മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ പ്രകാരം വിദ്യാഭ്യാസ രംഗത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്തം കൂടി പഞ്ചായത്തിനുണ്ട്. ഗ്രാമപഞ്ചായത്തിലെ മൂന്ന് സാക്ഷരതാ തുടർ വിദ്യാ കേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്ക്മാർ 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ അവരുടെ മേഖലാതലത്തിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2019-20

| സാക്ഷരതാ കേന്ദ്രം | തുല്യതാ ക്ളാസ്സുകൾ പങ്കെടുത്ത പഠിതാക്കളുടെ എണ്ണം | | | | സാക്ഷരത പഠിതാക്കളുടെ എണ്ണം |
|---|---|---|---|---|---|
| | 4-ാം തരം | 7-ാം തരം | 10-ാം തരം | 11-ാം തരം | |
| പാട്ടിക്കളം | 1 ആൾ | 15പേർ | 21പേർ | 18പേർ | 25പേർ |
| പെരുമാട്ടി | 11 പേർ | 3പേർ | 12പേർ | 4പേർ | 45പേർ |
| മുതലാംതോട് | 14പേർ | 12പേർ | 13പേർ | 10പേർ | 46പേർ |

2020-21

| സാക്ഷരതാ കേന്ദ്രം | തുല്യതാ ക്ളാസ്സുകൾ | | | | സാക്ഷരത |
|---|---|---|---|---|---|
| | 4-ാം തരം | 7-ാം തരം | 10-ാം തരം | 11-ാം തരം | |
| പാട്ടിക്കളം | 9പേർ | 4പേർ | 22പേർ | 6പേർ | 44പേർ |
| പെരുമാട്ടി | 19പേർ | 1ആൾ | 11പേർ | 3പേർ | 45പേർ |
| മുതലാംതോട് | 13പേർ | 7പേർ | 6പേർ | 8പേർ | 48പേർ |

ഗ്രാമപഞ്ചായത്ത് തലത്തിൽ ഈ പ്രവർത്തനങ്ങളെ മോണിറ്റർ ചെയ്യുന്നില്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സാക്ഷരതാസമിതി മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

1-25 സാക്ഷരതാ പ്രേരക്മാർക്ക് ഓണറേറിയം നൽകിയത് തിരകെ ഈടാക്കേണ്ടതാണ്

26-02-2021 ലെ സ.ഉ. (സാധാ).നം.626/2021/തസ്വഭവ പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷനിലെ സാക്ഷരതാ പ്രേരകുമാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം, സാക്ഷരതാ മിഷൻ പിന്നീട് തുക തദ്ദേശ സ്ഥാപനങ്ങൾ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം പെരുമാട്ടി ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രേരകുമാരുടെ പേര് | മാസം | | | ആകെ | വൗച്ചർ നം. & തീയതി |
|---|---|---|---|---|---|
| | ഡിസംബർ 2020 | ജനുവരി 2021 | ഫെബ്രുവരി 2021 | | |
| കല.പി | 8448 | 8448 | 8832 | 25728 | 22001089/ 23-03-2021 (16896), 22001112/ 24-03-2021 (8832) |
| രാമകൃഷ്ണൻ.വി | 8448 | 8448 | 8832 | 25728 | 22001088/ 23-03-2021 (16896), 22001113/ 24-03-2021 (8832) |
| രാധാമണി.വി | 7392 | 7392 | 7728 | 22512 | 22001087/ 23-03-2021 (14784), 22001114/ 24-03-2021 (7728) |
| ആകെ | | | | 73968 | |

73,968/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിൽ (Schedule: B-18) തിരികെ ലഭിക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടില്ല. തുക സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/21-10-2021) മറുപടിയായി ജില്ലാ സാക്ഷരതാമിഷനിൽ നിന്നും തുക ലഭ്യമാവുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സാക്ഷരതാ പ്രേരക്മാർക്ക് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് സാക്ഷരതാ മിഷനിൽ തിരകെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ മീറ്ററിംഗ് പോയിന്റിനും ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. വണ്ടിത്താവളം, ചിറ്റൂർ, തത്തമംഗലം എന്നീ KSEB സെക്ഷനുകളിലെ തെരുവ് വിളക്കുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതവ ഇപ്പോഴും ഉണ്ട്. പ്രസ്തുത കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ ഗ്രാമ

പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. 2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 11,79,925/- രൂപ തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ് അടവാക്കിയിട്ടുണ്ട്. ആയതിൽ മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുത ചാർജ് 310224/- രൂപ ഉൾപ്പെടുന്നുണ്ട്

മീറ്ററിംഗ് സംവിധാനമില്ലാത്തവയുടെ കൺസ്യൂമർ നം. ചുവടെ ചേർക്കുന്നു

| KSEB സെക്ഷൻ | കൺസ്യൂമർ നം. | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|
| വണ്ടിത്താവളം | 1168091011242* | 19446 |
| ചിറ്റൂർ | 1165017022383* | 1089 |
| തത്തമംഗലം | 1165046024263* | 5317 |

* മേൽ പറഞ്ഞ കൺസ്യൂമർ നമ്പറുകൾ പ്രകാരമുള്ള വിളക്കുകളുടെ എണ്ണം, തരം നിരക്ക് എന്നിവ വ്യക്തമാക്കുന്ന പട്ടിക ഓഡിറ്റിന് ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു

1)മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവൃത്തനക്ഷമായവയും, അല്ലാത്തവയുടേയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2)തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വൈദ്യുതി ഉപയോഗം കൂടിയ ട്യൂബ് ലൈറ്റുകൾ നിലവിൽ ഉള്ളതായി കാണുന്നുണ്ട്. വൈദ്യുതി ഉപയോഗം കുറഞ്ഞ ബൾബുകൾ തെരുവ് വിളക്കുകൾക്ക് ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കകി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുതാണ്.

3)വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4)തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)നിലാവ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

6)തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.16/21-10-2021 ന് മറുപടിയായി ഓഡിറ്റ് നിർദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## 1-27 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം -

Mahindra Bolero- (രജിസ്ട്രേഷൻ നം.- KL-09-A D/4398

Ambulance - Tempo Traveller -(രജിസ്ട്രേഷൻ നം.KL- 70/8860)

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം 595787/-രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന മെയിന്റിനൻസിനായി 256166/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മാലിന്യം സംഭരിക്കുന്നതിനായി ഉപയോഗിക്കുന്ന ടില്ലറിനുള്ള ഇന്ധനത്തിന്റെ ചെലവും മേൽ പറഞ്ഞ ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്യമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ചെലവു വിവരം പരിശോധിക്കാൻ സാധിച്ചില്ല.

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്
  2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
  3. റിപ്പയർ രജിസ്റ്റർ
  4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ച വരുന്നത്. ബാക്കിയുള്ള രജിസ്റ്ററുകൾ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം സൂക്ഷിക്കുന്നില്ല. റിപ്പയർ, ഫ്യുവൽ എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ ഒരു രജിസറ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് അപൂർണ്ണമാണ്. വാർഷിക ധനകാര്യ പത്രികയിലെ ചെലവു തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വൗച്ചർ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആകയാൽ വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല.
- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.
- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

  കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ കാണുന്നില്ല.

കൂടാതെ മേൽ പറഞ്ഞ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

[മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/22-10-2021) ന് മറുപടിയായി ഓഡിറ്റ് നിർദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.]

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 4.10.2021 -22.10.2021 | അനുബന്ധം 1 കാണുക |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1024200 | മാലിന്യ സംസ്കരണ പ്ലാന്റ് (S00195/21) | 169638 | 854562 |
| ബ്ലോക്ക് | 2019-20 | 1775000 | ലൈഫ് ഭവനം | 1680000 | 95000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | SO 142/21 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 30,000 | തരിശുകൃഷി പ്രോത്സാഹനം 213/21 | 30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10890 | തരിശുഭൂമിയിൽ പച്ചക്കറി കൃഷി 220/21 | 10890 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1902100 | ഉഴവു കൂലി 243/21 | 1902100 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 67840 | സാന്ത്വനചികിത്സാ പരിപാടി 100/21 | 67840 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 201167 | സാന്ത്വനചികിത്സാ പരിപാടി 19-20 155/21 | 198369 | 2538 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 16,80,000 | ലൈഫ്മിഷൻ (ജനറൽ) 142/21 | 1680000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,00,000 | പാലുൽപ്പാദന ത്തിന് ഇൻസെന്റീവ് (136/20) | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2992604 | ലൈഫ് ഭവനം 28/21 | 2480000 | 172604 |
| | | | ലൈഫ് ഭവനം28/21 | 40000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 600000 | പാലുൽപ്പാദന ത്തിന് ഇൻസെന്റീവ് (136/20) | 600000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 600600 | പാലുൽപ്പാദന ത്തിന് ഇൻസെന്റീവ് (231/21) | 600600 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(53/21) | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 340000 | ലൈഫ് മിഷൻ- എസ്. സി.പി(28/21) | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2480000 | ലൈഫ് മിഷൻ- ജനറൽ(142/21) | 2480000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3100000 | സമൃദ്ധി നെൽകൃഷി 2019-20 (125/21) | 3100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3840000 | സമൃദ്ധി നെൽകൃഷി 2020-21(243/21) | 3840000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 11/21, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 49/ 10-11-20 -(₹108765), 58/ 11-03-21 - (₹50380) | 159145 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള ജല അതോറിറ്റി | 160/21, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 15/ 08-05-20 -(₹30932), 50/ 10-11-20 - (₹75114) | 106046 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്. ഇ.ബി | 162/21, പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ | 27/ 28-07-20 | 58000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| | (സ്പിൽ ഓവർ) | | | | |
| കെ.എസ്. ഇ.ബി | 140/21, വിവിധ എസ് സി കോളനികളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 1/ 15-05-20 | 174990 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹ 1100000 /- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് മിഷൻ | KURDFC/A2 /6026/2018/ 5.9.2018 | 1100000 | 45860072** | 3921177 | --- | 43038895 |

**- മുന്നിരിപ്പ് 20,00,000 ഉൾപ്പടെ.

## 4-6 സ്ഥിര നിക്ഷേപം

| ക്രമ നമ്പർ | സ്ഥിരനിക്ഷേപം തുക | വിശദാംശങ്ങൾ |
|---|---|---|
| 1 | 1000 | വിവരങ്ങൾ ലഭ്യമല്ല |

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹.22100/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1(10) & 2(1) | 12100 | രമേഷ് കുമാർ, ഡ്രൈവർ | 120040102657/ 29.12.2020 |
| 2018-19 | 1(10) | 10000 | രമേഷ് കുമാർ, ഡ്രൈവർ | 120040100464/10.6.2020 |

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-4 | 2010-11 | 2-14 | കെ.എസ്.ഇ.ബി. വിനിയോഗ സാക്ഷ്യപത്രം സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 2000-01 | 3-8 | 2005-06 | 59.1 | ഖാദി സമുച്ചയം അപൂർണ്ണം | സമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120119045 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122308195 |
| വരവിനങ്ങളിലുള്ള നഷ്ടം | -ഒന്നുമില്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -ഒന്നുമില്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -ഒന്നുമില്ല- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
-ഒന്നുമില്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
-ഒന്നുമില്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
-ഒന്നുമില്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
-ഒന്നുമില്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
-ഒന്നുമില്ല-

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAD-PKD.11/822 /2018/06.09.2018 – അദാലത്ത് | 4 |
| 1997-98 (വരവ്) | | 0 |
| 1997-98 (ചെലവ്) | | 15 |
| 1998-99 (വരവ്) | | 2 |
| 1998-99 (ചെലവ്) | | 12 |
| 1999-2000 | | 15 |
| 2000-01 | | 9 |
| 2001-02 | | 10 |
| 2002-03 | | 7 |
| 2003-04 | | 9 |
| 2004-05 | | 5 |
| 2005-06 | | 12 |

| | | |
|---|---|---|
| 2006-07 | | 5 |
| 2007-08 | LFP11/1077/15/3.8.15 | 10 |
| 2008-09 | LFP11/95/14/17.9.2015 | 11 |
| 2009-10 | LFP11/92/15/5.6.17 | 13 |
| 2010-11 | LFP11/1155/2014/11.3.13 | 19 |
| 2011-12 | KSA-PKD-11/18105/17/22.3.17 | 14 |
| 2012-13 | KSA-PKD11/616/15/17.9.15 | 14 |
| 2013-14 &2014-15 | KSA-PKD11/1567/18/31.8.18 | 19 |
| 2015-16 | KSA.PKD.11-191/2017/3.10.17 | 19 |
| 2016-17 | KSA.PKD.11/1322/17/19.1.2018 | 21 |
| 2017-18 | KSA.PKD-11-9/2019/29.01.2019 | 31 |
| 2018-19 | KSA.PKD-11-550/20/07.07.20 | 27 |
| 2019-20 | KSA.PKD-11-1536/2021/20.12.21 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| Perumatty Grama Panchayat BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 42720280.35 |
| 312000000 | Reserves | B-3 | 108277361.00 |
| | Total Reserve & Surplus | | 150997641.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8943742.00 |
| | Total Grants, Contributions for Specific Purposes | | 8943742.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 43038895.00 |
| | Total Loans | | 43038895.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 357323.00 |
| 350000000 | Other Liabilities | B-9 | 1640938.65 |
| | Total Current Liabilities and Provisions | | 1998261.65 |
| | TOTAL LIABILITIES | | 204978540.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 141245562.00 |
| 411000000 | Accumulated Depreciation | B-11 | -8764067.00 |
| 412000000 | Capital Work in Progress | B-11(a) | 2141144.00 |
| | Total Fixed Assets | | 134622639.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1000.00 |
| | Total Investments | | 1000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1377937.00 |
| 440000000 | Pre-paid Expenses | B-16 | 42218895.00 |
| 450000000 | Cash and Bank Balance | B-17 | 25663134.00 |
| 460000000 | Loans, Advances and Deposits | B-18 | 1094935.00 |
| | Total Current Assets, Loans and Advances | | 70354901.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 204978540.00 |

ഡെപ്യൂട്ടി ഡയറക്ടർ

Perumatty Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5170551.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 341558.00 |
| 140000000 | Fee & User Charges | I-4(b) | 640127.00 |
| 150000000 | Sale & Hire Charges | I-5(b) | 139995.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 156946555.00 |
| 171000000 | Interest Earned | I-8 | 510284.00 |
| 180000000 | Other Income | I-9 | 61163.00 |
| | Total Income | | 163810233.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10251394.00 |
| 220000000 | Administrative Expenses | I-11(b) | 2238061.00 |
| 230000000 | Operations & Maintenance | I-12(b) | 3500508.00 |
| 240000000 | Interest & Finance Charges | I-13 | 16290.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 23145198.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23570639.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4752783.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 186405.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized | I-14(d) | 70729468.00 |

| | | | |
|---|---|---|---|
| | Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 19716418.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1704172.00 |
| | Total Expenditure | | 159811336.00 |
| | Gross Surplus/ Deficit of income over Expenditure | | 3998897.00 |
| 280000000 | Prior Period Item | I-18 | 86115.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3912782.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| Perumatty Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27790977.00 |
| Cash | Cash | RP-40(a) | 61307.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1903370.00 |
| 140000000 | Fees & User Charges | RP-4 | 506427.00 |
| 150000000 | Sale & Hire Charges | RP-5 | 139995.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 99808186.00 |
| 171000000 | Interest Earned | RP-9 | 510284.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10948304.00 |
| 350000000 | Other Liabilities | RP-36 | 294010.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 698.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 61163.00 |
| 312000000 | Reserves | RP-30 | 0.0 |
| 330000000 | Secured Loans | RP-32 | 1100000.00 |
| 340000000 | Deposits Received | RP-34 | 148100.00 |
| 350000000 | Other Liabilities | RP-36 | 220332.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2782999.00 |
| 460000000 | Loans, Advances and Deposits | RP-47 | 1695177.00 |
| | Grand total | | 147971329.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2966169.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 2235528.00 |
| 230000000 | Operations & Maintenance | RP-13 | 3227465.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 23145198.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18190062.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4752783.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 186405.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 2619968.00 |
| 255000000 | Maintenance Projects | RP-20 | 19716418.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1704172.00 |
| 280000000 | Prior Period item | RP-26 | 114656.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11751415.00 |
| 350000000 | Other Liabilities | RP-36 | 5806218.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 16290.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 124350.00 |
| 350000000 | Other Liabilities | RP-36 | 1743983.00 |
| 410000000 | Fixed Assets | RP-38 | 1639272.00 |
| 412000000 | Capital work in Progress | RP-40 | 18521389.00 |
| 440000000 | Pre-paid Expenses | RP-45 | 2280000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1566454.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25663134.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 147971329.00 |

ഡെപ്യൂട്ടി ഡയറക്ടർ